Lalith Babu

# Village Extension officer മാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി നിയമിച്ചത് സംബന്ധിച്ച നിർദേശം

'ഭരണഭാഷ - മാതൃഭാഷ'

നം. 494 (1)/എസി & എഡി2/18/സി.ആർ.ഡി.

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം,
തീയതി: 03/08/2018

ഗ്രാമവികസന കമ്മീഷണർ

എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും

സർ,

വിഷയം: ഗ്രാമവികസന കമ്മീഷണറേറ്റ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 - സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും, അപ്പലേറ്റ് അതോറിറ്റിയെയും നിയമിക്കുന്നത് - സംബന്ധിച്ച്.

വിവരാവകാശ നിയമം 2005 പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി അപേക്ഷകന് മറുപടി നൽകുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകുന്നു.

- എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരുടെ ഓഫീസുകളിലും സീനിയർ സൂപ്രണ്ടുമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) നെ അപ്പലേറ്റ് അതോറിറ്റിയായും നിയമിക്കേണ്ടതാണ്.
- എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരുടെ ഓഫീസുകളിൽ സീനിയർ സൂപ്രണ്ടുമാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, പ്രോജക്ട് ഡയറക്ടർമാരെ അപ്പലേറ്റ് അതോറിറ്റിയായും നിയമിക്കേണ്ടതാണ്.
- എല്ലാ ബ്ലോക്ക് ഓഫീസുകളിലും ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് മാരെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായും, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ അപ്പലേറ്റ് അതോറിറ്റിയായും നിയമിക്കേണ്ടതാണ്.
- എല്ലാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായിരിക്കേണ്ടതും, അതത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ അപ്പലേറ്റ് അതോറിറ്റി ആയിരിക്കേണ്ടതുമാണ്.
- എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാരും മുകളിൽ പറയും പ്രകാരം ക്രമീകരണം നടത്തി ഉത്തരവ് ഇറക്കേണ്ടതും ആയത് ഗ്രാമവികസന കമ്മീഷണറെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

അജിത് ദാസ് എ.
സീനിയർഅഡ്മിനിസ്ട്രേറ്റീവ്ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി